# പതിനാലാം കേരള നിയമസഭ
## പത്തൊമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1885** **10.03.2020-ൽ മറുപടിയ്ക്ക്**

## പേവിഷബാധമൂലമുള്ള മരണങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.യു. ആർ. പ്രദീപ്** | | **കെ.കെ.ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) | |
| **എ)** | 2019-ൽ സംസ്ഥാനത്ത് പേവിഷബാധയേറ്റ് എത്ര പേർ മരണപ്പെട്ടിട്ടുണ്ടെന്ന് അറിയിക്കാമോ; | **എ)** | 2019-ൽ സംസ്ഥാനത്ത് പേവിഷബാധയേറ്റ് ആകെ 8 പേർ മരണപ്പെട്ടു. |
| **ബി)** | പേവിഷ പ്രതിരോധകുത്തിവയ്പ്പ് സൗജന്യമാക്കിയിട്ടും പേവിഷബാധയേറ്റ് മരണങ്ങൾ ഉണ്ടാകുന്നത് കണക്കിലെടുത്ത് പേവിഷബാധയ്ക്കെതിരെ ബോധവൽക്കരണം നടത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വ്യക്തമാക്കുമോ? | **ബി)** | പേവിഷ പ്രതിരോധ കുത്തിവെയ്പ്പ് (ഐ.ഡി.ആർ.വി) സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജുകളിലും ജില്ലാ, ജനറൽ, താലൂക്ക് ആശുപത്രികളിലും തിരഞ്ഞെടുക്കപ്പെട്ട സാമൂഹികാരോഗ്യ- കേന്ദ്രങ്ങളിലും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും സൗജന്യമായി ലഭ്യമാക്കിയിട്ടുണ്ട്. കാറ്റഗറി മൂന്ന് വിഭാഗത്തിൽപ്പെട്ട മുറിവുള്ള രോഗികൾക്ക് നൽകേണ്ട Immunoglobulin മെഡിക്കൽ കോളേജുകളിലും ജനറൽ ആശുപത്രികളിലും ലഭ്യമാണ്. ഇക്കാര്യവും നായ്, പൂച്ച മറ്റേതെങ്കിലും വന്യ ജീവികളുടെ കടിയോ, മാന്തലോ, പോറലോ ഏൽക്കുന്നവർക്ക് വേണ്ടി ചെയ്യേണ്ട പ്രഥമ ശുശ്രൂഷയെപ്പറ്റിയും, പ്രതിരോധ കുത്തിവെയ്പ്പ് മേൽ സൂചിപ്പിച്ച ആശുപത്രികളിൽ വന്ന് പൂർണ്ണമായ ഡോസിൽ കൃത്യമായി എടുക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റിയും വിവിധ ദൃശ്യ ശ്രാവ്യ മാധ്യമങ്ങളിലൂടെയും, ഗൃഹസന്ദർശന സമയത്തും, അംഗണവാടി, കുടുംബശ്രീ, റസിഡൻഷ്യൽ അസോസിയേഷൻ, സ്കൂളുകൾ തുടങ്ങിയവയിൽ നടത്തുന്ന ബോധവത്കരണ ക്ലാസ്സുകളിലും ജനങ്ങൾക്ക് വേണ്ട അവബോധം നൽകിവരുന്നുണ്ട്. ഇതിന് വേണ്ട ലഘുലേഖാ വിവരണം, പോസ്റ്റർ |

പ്രദർശനം, മൈക്ക് പബ്ലിസിറ്റി , വീഡിയോ ഷോ തുടങ്ങിയവയും ചെയ്തു വരുന്നു. എല്ലാ വർഷവും സെപ്റ്റംബർ 28 ന് പേവിഷബാധാ വിരുദ്ധ ദിനാചരണവുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണവകുപ്പുമായി ചേർന്ന് ബോധവത്കരണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നു. ഇതോടൊപ്പം മാലിന്യ സംസ്കരണം, നായകൾക്കും മറ്റ് വളർത്തു മൃഗങ്ങൾക്കും ഉള്ള വാക്സിനേഷൻ, തെരുവ് പട്ടികളുടെ വന്ധ്യംകരണം തുടങ്ങിയവയും തദ്ദേശഭരണ വകുപ്പിന്റെയും മൃഗസംരക്ഷണ വകുപ്പിന്റെയും പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നു.

ഇതിനെല്ലാമുപരിയായി ഒരു പ്രദേശത്ത് നായകടി റിപ്പോർട്ട് ചെയ്യപ്പെട്ടാൽ ആരോഗ്യവകുപ്പുദ്യോഗസ്ഥർ സ്ഥലം സന്ദർശിച്ച് വാക്സിനേഷൻ എടുക്കുന്നതിന് ജനങ്ങളെ വീണ്ടും ബോധവത്കരിക്കുന്നുമുണ്ട്. ഇപ്രകാരമുള്ള ബോധവത്കരണത്തിന്റെ ഫലമായി നായകടിയേറ്റവർ വാക്സിനേഷൻ എടുക്കുകയും ചെയ്യുന്നു. എന്നാൽ അപൂർവ്വം ചിലർ അവർക്ക് കടിയേറ്റതായി പോലും അറിയാതെ വാക്സിനേഷൻ എടുക്കാതിരിക്കുന്നുമുണ്ട്. മറ്റ് ചിലർ സമ്പൂർണ്ണ ഡോസ് എടുക്കുന്നില്ല. ചിലർ വാക്സിനേഷൻ എടുക്കുവാൻ വലിയ കാലതാമസം വരുത്തുന്നു. അത്തരം സാഹചര്യങ്ങളിലാണ് മരണം ഉണ്ടാകുന്നത്.

**സെക്ഷൻ ഓഫീസർ**